**മധുരമായ കുട്ടികളേ- ലക്ഷ്യത്തെ സദാ മുന്നിൽ വെയ്ക്കൂ എങ്കിൽ ദൈവീക ഗുണങ്ങൾ നിറഞ്ഞുകൊണ്ടിരിക്കും. ഇപ്പോൾ സ്വയത്തിൽ ശ്രദ്ധവെയ്ക്കണം, ആസുരീയ ഗുണങ്ങളെ ഇല്ലാതാക്കി ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം.**

**ചോദ്യം-** ആയുഷ്മാൻ ഭവ എന്ന വരദാനം ലഭിച്ചിട്ടുണ്ടെങ്കിലും ദീർഘായുസ്സിനുവേണ്ടി ഏതൊരു പരിശ്രമമാണ് ചെയ്യേണ്ടത്?

**ഉത്തരം-** ദീർഘായുസ്സിനുവേണ്ടി തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നതിനുള്ള പരിശ്രമം ചെയ്യണം. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം സതോപ്രധാനമായി മാറും മാത്രമല്ല ആയുസ്സും വർദ്ധിക്കും പിന്നീട് മരണ ഭയം ഇല്ലാതാകും. ഓർമ്മയിലൂടെ ദുഃഖം ദൂരെയാകും. നിങ്ങൾ പുഷ്പമായി മാറും. ഓർമ്മയിലാണ് ഗുപ്തമായ സമ്പാദ്യമുള്ളത്. ഓർമ്മയിലൂടെ പാപം ഇല്ലാതാകും. ആത്മാവ് ഭാരരഹിതമാകും, ആയുസ്സും വർദ്ധിക്കും.

**ഓം ശാന്തി.** മധുര മധുരമായ ആത്മീയ കുട്ടികളെ പ്രതി അച്ഛൻ മനസ്സിലാക്കിത്തരുകയാണ്, പഠിപ്പിക്കുകയുമാണ്. എന്താണ് മനസ്സിലാക്കിത്തരുന്നത്? മധുരമായ കുട്ടികളേ, ഒന്നാമത് നിങ്ങൾക്ക് ദീർഘായുസ്സ് വേണം കാരണം നിങ്ങളുടെ ആയുസ്സ് വളരെ നീണ്ടതായിരുന്നു. 150 വർഷങ്ങളായിരുന്നു ആയുസ്സ്, ദീർഘായുസ്സ് എങ്ങനെയാണ് ലഭിക്കുന്നത്? തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകുന്നതിലൂടെ. എപ്പോഴാണോ നിങ്ങൾ സതോപ്രധാനമായിരുന്നത് അപ്പോൾ നിങ്ങളുടെ ആയുസ്സ് വളരെ വലുതായിരുന്നു. ഇപ്പോൾ നിങ്ങൾ മുകളിലേയ്ക്ക് കയറിക്കൊണ്ടിരിക്കുകയാണ്. നമ്മൾ തമോപ്രധാനമായതിനാലാണ് നമ്മുടെ ആയുസ്സ് കുറഞ്ഞത് എന്നത് അറിയാം. ആരോഗ്യവും കുറവായിരുന്നു. തീർത്തും രോഗിയായി മാറി. ഈ ജീവിതം പഴയതാണ് പുതിയതുമായി താരതമ്യം ചെയ്യുകയാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ നമ്മുടെ ആയുസ്സിനെ നീണ്ടതാക്കാനുള്ള യുക്തികൾ പറഞ്ഞുതരികയാണ്. മധുര മധുരമായ കുട്ടികളേ നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ മുമ്പ് നിങ്ങൾ എങ്ങനെ ദീർഘായുസ്സ് ഉള്ളവരായിരുന്നോ, ആരോഗ്യവാനായിരുന്നോ അതുപോലെയായി വീണ്ടും മാറും. ആയുസ്സ് കുറവാകുമ്പോൾ മരണഭയം ഉണ്ടാകും. നിങ്ങൾക്ക് ഗ്യാരന്റി ലഭിക്കുകയാണ് സത്യയുഗത്തിൽ ഒരിയ്ക്കലും ഇതുപോലെ പെട്ടെന്ന് മരിക്കില്ല. ബാബയെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ ദീർഘായുസ്സും ഉണ്ടാകും എല്ലാ ദുഃഖങ്ങളും ദൂരെയാവുകയും ചെയ്യും. ഒരു പ്രകാരത്തിലുള്ള ദുഃഖവും ഉണ്ടാകില്ല, പിന്നെ നിങ്ങൾക്ക് എന്താ വേണ്ടത്? നിങ്ങൾ പറയുന്നു ഉയർന്ന പദവിയും വേണം. ഇങ്ങനെയുള്ള പദവിയും ലഭിക്കും എന്നത് നിങ്ങൾക്ക് അറിയില്ലായിരുന്നു. ഇപ്പോൾ ബാബ ഇങ്ങനെയെല്ലാം ചെയ്യൂ എന്ന് യുക്തികൾ പറഞ്ഞുതരികയാണ്. ലക്ഷ്യം മുന്നിലുണ്ട്. നിങ്ങൾക്ക് ഇങ്ങനെയുള്ള പദവി നേടാൻ കഴിയും. ഇവിടെവെച്ചുതന്നെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. എന്റെയുള്ളിൽ ഒരു അവഗുണവും ഇല്ലല്ലോ? എന്ന് തന്നോടുതന്നെ ചോദിക്കണം. അനേക പ്രകാരത്തിലുള്ള അവഗുണങ്ങളുണ്ട്. സിഗരറ്റ് വലിക്കുക, മോശമായ ഭക്ഷണം കഴിക്കുക ഇതെല്ലാം അവഗുണങ്ങളാണ്. വികാരമാണ് ഏറ്റവും വലിയ അവഗുണം, ഇതിനെത്തന്നെയാണ് മോശസ്വഭാവം എന്ന് പറയുന്നത്. ബാബ പറയുന്നു നിങ്ങൾ വികാരികളായിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് നിർവ്വികാരിയാകുന്നതിനുള്ള യുക്തി പറഞ്ഞുതരികയാണ്. ഇവിടെ ഈ വികാരങ്ങളെ അഥവാ അവഗുണങ്ങളെ ഉപേക്ഷിക്കണം. ഒരിയ്ക്കലും വികാരിയായി മാറരുത്. ഈ സമയത്ത് ആരാണോ ശ്രേഷ്ഠമാകുന്നത് അവർ 21 ജന്മങ്ങളിലേയ്ക്ക് ശ്രേഷ്ഠരായിരിക്കും. ഏറ്റവും പ്രധാനമായ കാര്യം നിർവ്വികാരിയാവുക എന്നതാണ്. ജന്മ ജന്മാന്തരമായി എന്ത് ഭാരമാണോ തലയിൽ കൊണ്ടുനടക്കുന്നത് അത് യോഗബലത്തിലൂടെയേ ഇറങ്ങൂ. കുട്ടികൾക്ക് അറിയാം ജന്മ ജന്മാന്തരങ്ങളായി നമ്മൾ വികാരികളായിരുന്നു. ഇപ്പോൾ നമ്മൾ ബാബയോട് പ്രതിജ്ഞ ചെയ്യുകയാണ് ഇനി ഒരിയ്ക്കലും വികാരിയായി മാറില്ല. ബാബയും പറഞ്ഞിട്ടുണ്ട് അഥവാ വികാരിയായി മാറിയാൽ 100 മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടിവരും ഒപ്പം പദവിയും ഭ്രഷ്ടമാകും കാരണം നിന്ദ ചെയ്യിച്ചില്ലേ, എന്നുവെച്ചാൽ വികാരീ മനുഷ്യരോടൊപ്പം പോയി. ഇങ്ങനെ ഒരുപാടുപേർ പോകുന്നുണ്ട് അർത്ഥം തോൽവി ഏറ്റുവാങ്ങുന്നുണ്ട്. ഈ വികാരീ കാര്യം ചെയ്യരുത് എന്നത് നിങ്ങൾക്ക് മുമ്പ് അറിയില്ലായിരുന്നു. ചില നല്ല കുട്ടികൾ ഉണ്ട് അവർ പറയും ഞങ്ങൾ ബ്രഹ്മചര്യം പാലിക്കും. സന്യാസിമാരെക്കണ്ട് കരുതുന്നു പവിത്രത നല്ലതാണെന്ന്. പവിത്രതയും അപവിത്രതയും, ലോകത്തിൽ അപവിത്രത വളരെ അധികമുണ്ട്. കക്കൂസിൽ പോകുന്നതും അപവിത്രതയാണ് അതിനാൽ ഉടനെ തന്നെ കുളിക്കണം. അപവിത്രത അനേക പ്രകാരത്തിലുണ്ട്. ആർക്കെങ്കിലും ദുഃഖം നൽകുക, വഴക്കിടുക അടികൂടുക ഇതും അപവിത്രമായ കർത്തവ്യങ്ങളാണ്. ബാബ പറയുന്നു ജന്മ ജന്മാന്തരങ്ങൾ നിങ്ങൾ പാപം ചെയ്തിട്ടുണ്ട്. ആ മുഴുവൻ ശീലങ്ങളും ഇപ്പോൾ ഇല്ലാതാക്കണം. ഇപ്പോൾ നിങ്ങൾക്ക് സത്യം സത്യമായ

മഹാത്മാവായി മാറണം. സത്യം സത്യമായ മഹാത്മാക്കൾ ഈ ലക്ഷ്മീ നാരായണന്മാരാണ് അല്ലാതെ മറ്റാർക്കും ഇവിടെ ആവാൻ സാധിക്കില്ല കാരണം എല്ലാവരും തമോപ്രധാനമാണ്. ഒരുപാട് ഗ്ലാനിയും ചെയ്യുന്നില്ലേ. അവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് അവർക്ക് അറിയില്ല. ഒന്ന് ഗുപ്തമായിട്ടുള്ള പാപം ഇനി പ്രത്യക്ഷത്തിലുള്ള പാപവും ഉണ്ട്. ഇത് തമോപ്രധാനമായ ലോകമാണ്. കുട്ടികൾക്ക് അറിയാം ബാബ ഇപ്പോൾ നമ്മളെ വിവേകശാലിയാക്കി മാറ്റുകയാണ് അതിനാലാണ് എല്ലാവരും ബാബയെ ഓർമ്മിക്കുന്നത്. പാവനമായി മാറണം ഒപ്പം ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം എന്ന ഏറ്റവും ശ്രേഷ്ഠമായ വിവേകം നിങ്ങൾക്കാണ് ലഭിക്കുന്നത്. നിങ്ങൾ ദേവതകൾക്കുമുന്നിൽ എന്തെല്ലാം മഹിമകൾ പാടിയോ അതുപോലെയായി നിങ്ങൾക്ക് ഇപ്പോൾ മാറണം. ബാബ മനസ്സിലാക്കിത്തരുന്നു മധുര മധുരമായ കുട്ടികളേ, നിങ്ങൾ എത്ര മധുര മധുരമായ പുഷ്പമായിരുന്നു പിന്നീട് മുള്ളായി മാറി. ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിക്കൂ എങ്കിൽ ഓർമ്മയിലൂടെ നിങ്ങളുടെ ആയുസ്സ് വർദ്ധിക്കും. പാപവും ഭസ്മമാകും. തലയിലെ ഭാരം ഇല്ലാതാകും. തന്നിൽ ശ്രദ്ധ വെയ്ക്കണം. തന്റെയുള്ളിൽ എന്തെല്ലാം അവഗുണങ്ങളുണ്ടോ അതെല്ലാം ഇല്ലാതാക്കണം. നാരദന്റെ ഉദാഹരണമുണ്ടല്ലോ, നാരദനോട് ചോദിച്ചു നിങ്ങൾ യോഗ്യനാണോ? നാരദനു മനസ്സിലായി ഞാൻ യോഗ്യനല്ല. ബാബ നിങ്ങളെ ശ്രേഷ്ഠമാക്കുന്നു, നിങ്ങൾ ബാബയുടെ കുട്ടികളല്ലേ. അഥവാ ആരുടേയെങ്കിലും പിതാവ് രാജാവാണെങ്കിൽ പറയില്ലേ എന്റെ അച്ഛൻ രാജാവാണ്, അച്ഛൻ വളരെ സുഖം നൽകുന്നയാളാണ്. നല്ല സ്വഭാവമുള്ള രാജാവാണെങ്കിൽ അവർക്ക് ഒരിയ്ക്കലും ദേഷ്യം വരില്ല. ഇപ്പോഴാണെങ്കിൽ പതുക്കെ പതുക്കെ എല്ലാവരുടേയും കലകൾ കുറഞ്ഞിരിക്കുകയാണ്. എല്ലാ അവഗുണങ്ങളും പ്രവേശിച്ചിരിക്കുന്നു. കലകൾ കുറഞ്ഞുവന്നു. തമോ ആയിമാറി. തമോപ്രധാനത്തിന്റേയും അന്തിമത്തിലെത്തി. എത്ര ദുഃഖിയായിരിക്കുന്നു. നിങ്ങൾക്ക് എത്ര സഹിക്കേണ്ടി വരുന്നു. ഇപ്പോൾ അവിനാശിയായ സർജനിലൂടെ നിങ്ങളുടെ ചികിത്സ നടന്നുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു ഈ 5 വികാരങ്ങൾ ഇടക്കിടെ നിങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. നിങ്ങൾ ബാബയെ ഓർമ്മിക്കാൻ എത്ര പരിശ്രമിക്കുന്നോ അത്രത്തോളം മായ നിങ്ങളെ താഴെ വീഴ്ത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കും. ഒരു മായയുടെ കൊടുങ്കാറ്റിനും നിങ്ങളെ ഇളക്കാൻ സാധിക്കരുത് അത്രയും ശക്തിശാലിയായിരിക്കണം നിങ്ങളുടെ അവസ്ഥ. രാവണൻ എന്ന് പറയുന്നത് മറ്റെന്തെങ്കിലും വസ്തുവോ അഥവാ മറ്റേതെങ്കിലും വ്യക്തിയോ അല്ല. 5 വികാരങ്ങളാകുന്ന മായയെത്തന്നെയാണ് രാവണൻ എന്ന് പറയുന്നത്. നിങ്ങൾ ആരാണെന്നത് ആസുരീയ രാവണ സമ്പ്രദായം തിരിച്ചറിയുന്നില്ല. ഈ ബീ.കെ എന്താണ് മനസ്സിലാക്കിത്തരുന്നത്? ഇതൊന്നും സത്യത്തിൽ ആർക്കും അറിയില്ല. ഇവരെ ബീ.കെ എന്ന് എന്തുകൊണ്ടാണ് വിളിക്കുന്നത്? ബ്രഹ്മാവ് ആരുടെ സന്താനമാണ്? ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമുക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ബാബ ഇരുന്ന് കുട്ടികളെ പഠിപ്പിക്കുകയാണ്. ആയുഷ്മാൻ ഭവ, ധനവാൻ ഭവ...... നിങ്ങളുടെ എല്ലാ കാമനകളും പൂർത്തിയാക്കുകയാണ്, വരദാനം നൽകുകയാണ്. പക്ഷേ കേവലം വരദാനം കൊണ്ട് ഒന്നും നടക്കില്ല. പരിശ്രമിക്കണം. ഓരോ കാര്യവും മനസ്സിലാക്കാനുള്ളതാണ്. സ്വയം രാജ്യതിലകം നൽകുന്നതിനുള്ള അധികാരിയായി മാറണം. ബാബ അധികാരിയാക്കി മാറ്റുകയാണ്. നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയാണ് ഇങ്ങനെ ഇങ്ങനെയെല്ലാം ചെയ്യൂ എന്ന് പറഞ്ഞുതരുന്നു. ആദ്യം ഇതാണ് പഠിപ്പിക്കുന്നത് അതായത് എന്നെ മാത്രം ഓർമ്മിക്കൂ. മനുഷ്യർ ഓർമ്മിക്കുന്നില്ല കാരണം അവർ അറിയുന്നേയില്ല അതിനാൽ അവരുടെ ഓർമ്മയും തെറ്റായിട്ടുള്ളതാണ്. ഈശ്വരൻ സർവ്വവ്യാപിയാണ് എന്ന് പറയുന്നു. പിന്നെങ്ങനെ ശിവബാബയെ ഓർമ്മിക്കും! ശിവ ഭഗവാന്റെ ക്ഷേത്രത്തിൽ ചെന്ന് പൂജചെയ്യുന്നു, നിങ്ങൾ ചോദിക്കൂ ഇവരുടെ കർത്തവ്യം എന്താണ്? അപ്പോൾ പറയും ഭഗവാൻ സർവ്വവ്യാപിയാണെന്ന്. പൂജ ചെയ്യുന്നു, അവരോട് കൃപ യാചിക്കുന്നു, എന്നിട്ട് ചിലർ ചോദിക്കുന്നു പരമാത്മാവ് എവിടെയാണ്? അപ്പോൾ പറയും സർവ്വവ്യാപിയാണെന്ന്. ചിത്രത്തിനു മുന്നിൽ എന്താണ് പറയുന്നത് അതിനുശേഷം ചിത്രമില്ലെങ്കിൽ എല്ലാം മാറി മറിയും. ഭക്തിയിൽ എന്തെല്ലാം തെറ്റുകളാണ് ചെയ്യുന്നത്. എന്നിട്ടും ഭക്തിയോട് എത്ര സ്നേഹമാണ്. കൃഷ്ണനുവേണ്ടി ജലപാനം പോലും ഇല്ലാതെ ഇരിക്കുന്നു. ഇവിടെ നിങ്ങൾ പഠിക്കുകയാണ് എന്നാൽ അവിടെ ഭക്തർ എന്തെല്ലാമാണ് ചെയ്യുന്നത്. നിങ്ങൾക്ക് ഇപ്പോൾ ചിരി വരും. ഡ്രാമ അനുസരിച്ച് ഭക്തി ചെയ്ത് ഓരോ ചുവടുകൾ താഴേയ്ക്ക് ഇറങ്ങി വന്നു. മുകളിലേയ്ക്ക് കയറാൻ ആർക്കും കഴിയില്ല. ഇപ്പോൾ പുരുഷോത്തമ സംഗമയുഗമാണ് നടക്കുന്നത്, പക്ഷേ ഇത് ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ പുരുഷോത്തമനായി മാറുന്നതിനായി പുരുഷാർത്ഥം ചെയ്യുകയാണ്. അദ്ധ്യാപകർ വിദ്യാർത്ഥികളുടെ സേവകരല്ലേ, വിദ്യാർത്ഥികളുടെ സേവനം ചെയ്യുകയാണ്! ഗവൺമെന്റും സേവകനാണ്. ബാബയും പറയുന്നു– സേവനം ചെയ്യുകയാണ്, നിങ്ങളെ പഠിപ്പിക്കുന്നുമുണ്ട്. എല്ലാ ആത്മാക്കളുടേയും പിതാവാണ്. ടീച്ചറായും മാറുന്നു. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനവും കേൾപ്പിക്കുന്നു. ഈ ജ്ഞാനം മറ്റൊരു മനുഷ്യനിലും ഉണ്ടാവുക സാദ്ധ്യമല്ല. ആർക്കും പഠിപ്പിക്കാൻ കഴിയില്ല. നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നതും ഇങ്ങനെയായി മാറാനാണ്. ലോകത്തിൽ മനുഷ്യരുടെ ബുദ്ധി എത്ര തമോപ്രധാനമാണ്. വളരെ ഭയാനകമായ ലോകമാണ്. എന്താണോ മനുഷ്യൻ ചെയ്യാൻ പാടില്ലാത്തത്

അത് ചെയ്യുന്നു. എത്ര കൊലപാതകങ്ങളും കൊള്ളയും നടത്തുന്നു. എന്താണ് ചെയ്യാത്തത്. 100 ശതമാനം തമോപ്രധാനമാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും 100 ശതമാനം സതോപ്രധാനമാവുകയാണ്. അതിനായി യുക്തി പറഞ്ഞുതന്നിട്ടുണ്ട് ഓർമ്മയുടെ യാത്ര. ഓർമ്മയിലൂടെയേ വികർമ്മം വിനാശമാകൂ, ബാബയുടെ അടുത്തേയ്ക്ക് എത്താൻ കഴിയും. അച്ഛനായ ഭഗവാൻ എങ്ങനെയാണ് വരുന്നത്– അതും നിങ്ങൾക്ക് ഇപ്പോൾ മനസ്സിലായി. ഈ രഥത്തിൽ വന്നിട്ടുണ്ട്. ബ്രഹ്മാവിലൂടെ കേൾപ്പിക്കുന്നു. അത് പിന്നീട് നിങ്ങൾ ധാരണ ചെയ്ത് മറ്റുള്ളവരെ കേൾപ്പിക്കുമ്പോൾ അവർക്കും നേരിട്ട് കേൾക്കാൻ ആഗ്രഹമുണ്ടാകുന്നു. ബാബയുടെ പരിവാരത്തിലേയ്ക്ക് പോകണം എന്ന് ചിന്തിക്കുന്നു. ഇവിടെ അച്ഛനുമുണ്ട് അമ്മയുമുണ്ട് കുട്ടികളുമുണ്ട്. കുടുംബത്തിലേയ്ക്കാണ് വരുന്നത്. എന്നാൽ ആ ലോകം തന്നെ ആസുരീയമാണ്. അതിനാൽ ആസുരീയ കുടുംബത്തിൽ നിങ്ങൾ വളരെ ബുദ്ധിമുട്ടുന്നു അതിനാലാണ് ജോലിപോലും ഉപേക്ഷിച്ച് ബാബയുടെ അടുത്തേയ്ക്ക് റിഫ്രഷ് ആകുന്നതിനായി വരുന്നത്. ഇവിടെ വസിക്കുന്നത് ബ്രാഹ്മണരാണ്. അതിനാലാണ് ഈ കുടുംബത്തിൽ വന്നിരിക്കുന്നത്. വീട്ടിലേയ്ക്ക് പോയാൽ പിന്നെ ഇങ്ങനെയുള്ള കുടുംബമായിരിക്കില്ല. അവിടെ ദേഹധാരിയായി മാറും, ആ ജോലികളിൽ നിന്നും തിരക്കുകളിൽ നിന്നും മാറിയാണ് നിങ്ങൾ ഇവിടേയ്ക്ക് വരുന്നത്. ഇപ്പോൾ ബാബ പറയുന്നു ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളേയും ഉപേക്ഷിക്കൂ. സുഗന്ധമുള്ള പുഷ്പമായി മാറണം. പുഷ്പത്തിൽ സുഗന്ധം ഉണ്ടാകും. എല്ലാവരും എടുത്ത് മണത്തുനോക്കുന്നു. എരിക്കിൻ പുവിനെ ആരും എടുക്കില്ല. അതിനാൽ പുഷ്പമായി മാറാൻ പുരുഷാർത്ഥം ചെയ്യണം അതിനാലാണ് ബാബയും പുഷ്പങ്ങൾ കൊണ്ടുവരുന്നത്, ഇതുപോലായി മാറണം. ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും ഒരു ബാബയെ ഓർമ്മിക്കണം. നിങ്ങൾക്ക് അറിയാം ഈ ദേഹത്തിന്റെ സംബന്ധികൾ നശിക്കാനുള്ളതാണ്. നിങ്ങൾ ഇവിടെ ഗുപ്തമായി സമ്പാദിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സമ്പാദ്യം ഉണ്ടാക്കി വളരെ സന്തോഷത്തോടെ ഹർഷിത മുഖരായി ശരീരം ഉപേക്ഷിക്കണം. നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയുടെ ഓർമ്മയുണ്ടെങ്കിൽ നിങ്ങൾക്ക് ഒരിയ്ക്കലും ക്ഷീണം തോന്നില്ല. ബാബയുടെ ഓർമ്മയിൽ അശരീരിയായി എത്ര ചുറ്റിക്കറങ്ങിയാലും, വേണമെങ്കിൽ ഇവിടെ നിന്ന് താഴെ അബുറോഡുവരെ പോയിനോക്കൂ ക്ഷീണമേ തോന്നില്ല. പാപം മുറിഞ്ഞുപോകും. ഭാരരഹിതമാകും. നിങ്ങൾ കുട്ടികൾക്ക് എത്ര ലാഭമുണ്ടാകുന്നു ബാക്കി ആർക്കും ഇത് അറിയാൻ കഴിയില്ല. മുഴുവൻ ലോകത്തിലുമുള്ള മനുഷ്യർ വിളിക്കുന്നു അല്ലയോ പതിതപാവനാ വരൂ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ്. പിന്നീട് അവരെ എങ്ങനെ മഹാത്മാവ് എന്ന് പറയും. പതിതർക്കുമുന്നിൽ ആരെങ്കിലും തലകുമ്പിടുമോ? പാവനമായവരുടെ മുന്നിലാണ് തലകുമ്പിടുന്നത്. കന്യകയുടെ ഉദാഹരണമുണ്ട്– എപ്പോൾ വികാരിയായി മാറുന്നോ അപ്പോൾ എല്ലാവർക്കും മുന്നിൽ തലകുമ്പിടുന്നു പിന്നീട് വിളിക്കാൻ തുടങ്ങും പതിതപാവനാ വരൂ എന്നും പറഞ്ഞ്. വിളിക്കേണ്ടി വരാൻ എന്തിനാണ് പതിതമായത്. എല്ലാവരുടേയും ശരീരം വികാരത്തിലൂടെ ജന്മമെടുത്തതാണ് കാരണം രാവണ രാജ്യമാണ്. ഇപ്പോൾ നിങ്ങൾ രാവണനിൽ നിന്നും രക്ഷപ്പെട്ട് വന്നിരിക്കുകയാണ്. ഇതിനെയാണ് പുരുഷോത്തമ സംഗമയുഗം എന്നു വിളിക്കുന്നത്. ഇപ്പോൾ നിങ്ങൾ രാമരാജ്യത്തിലേയ്ക്ക് പോകുന്നതിനായി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. സത്യയുഗമാണ് രാമരാജ്യം. കേവലം ത്രേതായുഗത്തെ രാമരാജ്യം എന്നു പറയുകയാണെങ്കിൽ പിന്നെ സൂര്യവംശീ ലക്ഷ്മീ നാരായണന്മാരുടെ രാജ്യം എവിടെപ്പോയി? അതിനാൽ ഈ മുഴുവൻ ജ്ഞാനവും ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. പുതിയവരും വരുന്നുണ്ട് അവർക്ക് നിങ്ങൾ ജ്ഞാനം നൽകുന്നു. യോഗ്യരാക്കി മാറ്റുന്നു. ചിലർക്ക് അത്തരത്തിലുള്ള കൂട്ടുകെട്ട് ലഭിക്കുന്നു അതിലൂടെ യോഗ്യരിൽ നിന്നും അയോഗ്യരായി മാറുന്നു. ബാബ പാവനമാക്കി മാറ്റുകയാണ്. അതിനാൽ ഇപ്പോൾ പതിതമാകരുത്. ബാബ ഇപ്പോൾ പാവനമാക്കാൻ വന്നിരിക്കുന്നു, പക്ഷേ മായ ഇത്രയും ശക്തിശാലിയാണ് അത് പതിതമാക്കി മാറ്റുന്നു. തോൽപ്പിക്കുന്നു. ബാബാ രക്ഷിക്കൂ എന്നു പറയുന്നു. യുദ്ധത്തിന്റെ മൈതാനത്തിൽ ഒരുപാടുപേർ മരിക്കാറുണ്ട് പിന്നീട് എന്താ അവരെ രക്ഷിക്കാറുണ്ടോ! ഈ മായയുടെ വെടിയുണ്ട തോക്കിന്റെ വെടിയുണ്ടയേക്കാൾ കഠിനമാണ്. കാമത്തിന്റെ മുറിവേറ്റു അർത്ഥം മുകളിൽ നിന്നും താഴേയ്ക്ക് വീണു. സത്യയുഗത്തിൽ എല്ലാവരും പവിത്ര ഗൃഹസ്ഥ ധർമ്മത്തിലായിരിക്കും അവരെയാണ് ദേവത എന്നു വിളിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ എങ്ങനെയാണ് വരുന്നത്, എവിടെയാണ് ഇരിക്കുന്നത്, എങ്ങനെയാണ് വന്ന് രാജയോഗം പഠിപ്പിക്കുന്നത്? അർജ്ജുനന്റെ രഥത്തിൽ ഇരുന്ന് ജ്ഞാനം നൽകിയതായി കാണിക്കുന്നു. പിന്നീട് അവരെ സർവ്വവ്യാപി എന്ന് പറയുന്നത് എന്തുകൊണ്ടാണ്? സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന ബാബയെത്തന്നെ മറന്നുപോയി. ഇപ്പോൾ ബാബ സ്വയം തന്റെ പരിചയം നൽകുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) മഹാനാത്മാവായി മാറുന്നതിനായി അപവിത്രതയുടെ മോശമായ എന്തെല്ലാം ശീലങ്ങളുണ്ടോ അവയെ കളയണം. ദുഃഖം നൽകുക, വഴക്കിടുക, അടികൂടുക....... ഇതെല്ലാം അപവിത്രമായ കർത്തവ്യങ്ങളാണ് ഇതൊന്നും നിങ്ങൾ ചെയ്യരുത്. സ്വയം സ്വയത്തിന് രാജ്യതിലകം നൽകുന്നതിന് അധികാരിയായി മാറണം.

2) ബുദ്ധിയെ എല്ലാ ജോലികാര്യങ്ങളിൽ നിന്നും ദേഹധാരികളിൽ നിന്നും വേർപെടുത്തി സുഗന്ധമുള്ള പുഷ്പമായി മാറണം. ഗുപ്തമായ സമ്പാദ്യം ശേഖരിക്കുന്നതിനായി നടക്കുമ്പോഴും കറങ്ങുമ്പോഴും അശരീരിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യണം.

## വരദാനം:- തന്റെ ശുഭ-ചിന്തനത്തിന്റെ ശക്തിയിലൂടെ ആത്മാക്കളെ ചിന്താമുക്തമാക്കുന്ന ശുഭചിന്തകമണിയായി ഭവിക്കൂ

ഇന്നത്തെ വിശ്വത്തിൽ എല്ലാ ആത്മാക്കളും ചിന്താമണികളാണ്. ആ ചിന്താമണികളെ താങ്കൾ ശുഭ ചിന്തകമണികൾ തന്റെ ശുഭ ചിന്തനത്തിന്റെ ശക്തിയിലൂടെ പരിവർത്തനം ചെയ്യാൻ സാധിക്കും. ഏതുപോലെയാണോ സൂര്യന്റെ കിരണങ്ങൾ ദൂരെ-ദൂരെ വരെയുള്ള അന്ധകാരത്തെ ഇല്ലാതാക്കുന്നത് അതുപോലെ താങ്കൾ ശുഭ ചിന്തകമണികളുടെ ശുഭ സങ്കൽപമാകുന്ന തിളക്കം അഥവാ കിരണങ്ങൾ വിശ്വത്തിൽ നാല് ശത്തും പരന്നുകൊണ്ടിരിക്കുകയാണ് അതുകൊണ്ട് മനസ്സിലാക്കുന്നു ഏതോ ആത്മീയ പ്രകാശം ഗുപ്തരൂപത്തിൽ കാര്യം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈ ടച്ചിംങ് ഇപ്പോൾ ആരഭിച്ചിട്ടുണ്ട്, അവസാനം അന്വേഷിച്ച്-അന്വേഷിച്ച് സ്ഥാനത്ത് എത്തിച്ചേരും.

## സ്ലോഗൻ:- ബാപ്ദാദയുടെ നിർദ്ദേശത്തെ വ്യക്തമായി പിടിച്ചെടുക്കുന്നതിന് വേണ്ടി മനസ്സിന്റെയും ബുദ്ധിയുടെയും ലൈൻ ക്ലിയറാക്കി വയ്ക്കൂ.